59179/14 54701/16

054701

# കേരള സർക്കാർ

## സംഗ്രഹം

സഹകരണ വകുപ്പ് - സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ സബ് സ്റ്റാഫ് വിഭാഗം ജീവനക്കാർക്ക് 4-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ചത് - പ്രാബല്യ തീയതി ഉൾപ്പെടുത്തി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

**സ.ഉ (കൈ)നം. 50/2016/സഹ തീയതി, തിരുവനന്തപുരം, 17/12/2016**

---

പരാമർശം:- 1. 25.01.1996 ലെ സ.ഉ(കൈ) നം. 07/96/സഹ. നമ്പർ ഉത്തരവ്.
2. 13.08.2008 ലെ സ.ഉ(കൈ) നം. 519/08/സഹ. നമ്പർ ഉത്തരവ്.
3. 08.12.2009 ലെ സ.ഉ(കൈ) നം. 210/09/സഹ. നമ്പർ ഉത്തരവ്.
4. സഹകരണ സംഘം രജിസ്ട്രാറുടെ 27.06.2015 ലെ ഇ.എം (1) 59179/14-ാം നമ്പർ കത്ത്.

## ഉത്തരവ്

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ പരിഷ്കരിച്ചുകൊണ്ടുള്ള പരാമർശം (1) ലെ ഉത്തരവിലെ ഖണ്ഡിക(എ)-യിൽ സബ്സ്റ്റാഫ് വിഭാഗം ജീവനക്കാർക്ക് 28 വർഷം പൂർത്തിയാകുമ്പോൾ 4-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിക്കുന്ന (iv)-ാം പിരിവ് കൂടി കൂട്ടിച്ചേർത്ത് പരാമർശം (2) പ്രകാരം ഉത്തരവ് ഭേദഗതി ചെയ്തിരുന്നു. പരാമർശം (3) പ്രകാരം ജില്ലാ സഹകരണ ബാങ്കുകളിലെ സബ്സ്റ്റാഫ് വിഭാഗം ജീവനക്കാരുടെ സമയബന്ധിത ഹയർഗ്രേഡ് കാലയളവ് 8, 16, 23, 28 വർഷങ്ങൾ ആക്കി 01.04.2007 പ്രാബല്യത്തിൽ ശമ്പള പരിഷ്കരണ ഉത്തരവും പുറപ്പെടുവിക്കുകയുണ്ടായി. മേൽ ഉത്തരവുകളിൽ 4-ാം സമയബന്ധിത ഹയർഗ്രേഡിന്റെ പ്രാബല്യ തീയതി വ്യക്തമാക്കിയിട്ടില്ലാത്തതിനാൽ 28 വർഷം സേവനം പൂർത്തിയാക്കുന്ന ഓരോ സബ്സ്റ്റാഫ് വിഭാഗം ജീവനക്കാരനും പ്രത്യേകം ഗ്രേഡ് നിശ്ചയിച്ച് നൽകേണ്ടിവരുന്നെന്നും, പൊതുവായ ഒരു ഉത്തരവ് പുറപ്പെടുവിക്കാൻ പ്രയാസമാണെന്നും പരാമർശം (4) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ

അറിയിച്ചിരുന്നു. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ സഹകരണ സ്ഥാപനങ്ങളിലെ സബ്സ്റ്റാഫ് വിഭാഗം ജീവനക്കാർക്ക് 4-ാം സമയബന്ധിത ഹയർഗ്രേഡ് അനുവദിച്ച പരാമർശം (2) ലെ ഭേദഗതി ഉത്തരവിന്റെ പ്രാബല്യ തീയതി 01.04.2007 ആയി നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**പി.എസ്. രാജേഷ്**
**അഡീഷണൽ സെക്രട്ടറി**

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.
സഹകരണ (എ, സി, പി.എസ്) വകുപ്പ്.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ

പുറത്തെഴുത്ത് നമ്പർ.ഇ.എം.(1)54701/16

സഹകരണ സംഘം രജിസ്ട്രാർ ഓഫീസ്,
തിരുവനന്തപുരം, തീയതി, 1.2.2017

മേൽ ഉത്തരവിന്റെ പകർപ്പ് ഇതോടൊപ്പം നൽകുന്നു.

അഡീഷണൽ രജിസ്ട്രാർ (ജനറൽ)

1. കേരള സംസ്ഥാന സഹകരണ ബാങ്ക്
2. എല്ലാ ജില്ല സഹകരണ ബാങ്കുകൾക്കും
3. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും
4. എല്ലാ ജില്ലാ ജോയിന്റ് ഡയറക്ടർമാർക്കും
5. എല്ലാ ജില്ലാ ബാങ്ക് ജോയിന്റ് ഡയറക്ടർ/കൺകറന്റ് ഓഡിറ്റർമാർക്കും
6. വെബ്സൈറ്റ്, സ്റ്റോക്ക് /സ്പെയർ